മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, രാമകൃഷ്ണമേനോനും ജോൺസണുംകൂടി കാലത്ത് പാലക്കാട് ഒരു കാര്യത്തിനുപോയിട്ട് മദ്യം കഴിച്ചുകൊണ്ടാണ് അവിടെനിന്നും മടങ്ങിവന്നത്. തിരിച്ച് തൃശ്ശൂർ വന്ന് നല്ലവണ്ണം മദ്യപാനംചെയ്ത് ഓട്ടോറിക്ഷയിൽ കയറി രാമകൃഷ്ണന്റെ വീട്ടിൽക്കൊണ്ടുപോയിയാക്കി. രാമകൃഷ്ണമേനോൻ അഞ്ചുരൂപ എടുത്തു കൊടുത്തു. അതുകഴിഞ്ഞ് തിരിച്ച് ചക്രമുക്ക് എന്ന സ്ഥലത്തുവന്നപ്പോൾ ജോൺസൺ അവിടെ ഓട്ടോറിക്ഷ നിറുത്തണമെന്നുപറഞ്ഞു. നിറുത്തി. ഒരു വീട്ടിന്റെ ഗേറ്റ് തുറക്കാൻ പറഞ്ഞു. ഓട്ടോറിക്ഷാ ഡ്രൈവർ കൂട്ടാക്കിയില്ല. അവർ തമ്മിൽ അവിടെവച്ച് വഴക്കായി. എന്നാൽ എന്നെ കയറിയ സ്ഥലത്തുകൊണ്ടുപോയിവിടുവെന്നു പറഞ്ഞ് ആ ഓട്ടോറിക്ഷയിൽ കയറി പടിഞ്ഞാറെക്കോട്ടയ്ക്കുള്ളിലെ റോഡിലുള്ളതായ ഓവർബ്രിഡ്ജിന്റെയവിടെ വന്നപ്പോൾ വീണ്ടും അവർ തമ്മിൽ വഴക്കായി. എന്തിനാണ് രണ്ടോട്ടോടും പണം വാങ്ങുന്നതെന്നുപറഞ്ഞു വഴക്കായി. വഴക്കായി തല്ലി. ജോൺസൺ ഓട്ടോഡ്രൈവറെ തല്ലി. ഡ്രൈവർ ഉടൻതന്നെ വണ്ടി കൺട്രോൾ റൂമിലേയ്ക്കു കൊണ്ടുപോയി. അവിടെച്ചെന്ന്. പരാതിപറഞ്ഞു അവിടെച്ചെന്ന് പരാതിപറഞ്ഞപ്പോൾ അവിടെയല്ല ടൗൺപോലീസ് സ്റ്റേഷനിൽച്ചെന്ന് പരാതിപ്പെടുവെന്ന് പറഞ്ഞ് അവിടെനിന്നും തിരിച്ചയച്ചു വീണ്ടും ഓട്ടോറിക്ഷയിൽത്തന്നെ വന്നു. വഴിക്കു വന്നപ്പോൾ ജോൺസൺ വണ്ടിയിൽനിന്നും ചാടി. അതിനുശേഷം ജോൺസനെ ഈ കിണറിലാണ് കാണുന്നത്. പോലീസ്സ്റ്റേഷനിൽ ചെന്നിട്ടില്ല. പരാതിപ്പെട്ടിട്ടില്ല, കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. കൺട്രോൾ റൂമിൽനിന്ന് ടൗൺ പോലീസ്സ്റ്റേഷനിലേക്ക് പോകാൻവേണ്ടി നിർദ്ദേശിച്ച് ഓട്ടോറിക്ഷയിൽ കയറിപ്പോയതാണ്. കിണറ്റിൽനിന്നും കിട്ടിയ ശവം പോസ്റ്റ്മാർട്ടം ചെയ്തപ്പോൾ കിണറ്റിൽ മുങ്ങിമരിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. പോലീസ് സ്റ്റേഷനും പോലീസുകാർക്കും ഇതിൽ ഒരു ബന്ധവുമില്ല. പോലീസ്സ്റ്റേഷനിൽക്കൊണ്ടുപോയി തല്ലിക്കൊന്നിട്ട് കിണറ്റിൽ ഇടുകയെന്ന ഒരടിസ്ഥാനവുമില്ലാത്ത ഒരാരോപണമാണിത്. വാസ്തവത്തിൽ അങ്ങനെ ഉണ്ടായിട്ടില്ല.

(10) കുടിവെള്ളത്തിൻമേലുള്ള വിലവർദ്ധനവ്

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ : സർ, കേരളത്തിൽ കേരള വാട്ടർ അതോറിറ്റി കുടിവെള്ളത്തിന്റെ വില വല്ലാതെ വർദ്ധിപ്പിച്ചിരിക്കുന്നു. കൊച്ചി മേഖലയിൽ ഉടനടി നടപ്പിലാക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. മറ്റ് മേഖലകളിൽ ഉടനടി നടപ്പിലാക്കുമെന്നാണ് അറിയാൻ കഴിഞ്ഞത്. എല്ലാ നഗരങ്ങളിലെയും ശുദ്ധജലവിതരണം അടുത്ത വർഷത്തോടുകൂടി കേരളമൊട്ടാകെ കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയാണ്. ആയിരം ലിറ്ററിന് ഇപ്പോൾ 75 പൈസയാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിൽ ഇനി മുതൽ വീട്ടാവശ്യത്തിനാണെങ്കിൽപ്പോലും 1.25 രൂപയായി വർദ്ധിപ്പിക്കുമെന്നാണ് നിർദ്ദേശം. സാധാരണ സ്ഥാപനങ്ങളിലുള്ളവർക്ക് ഒന്നരരൂപയും വ്യവസായസ്ഥാപനങ്ങളിലുള്ളവർക്ക് രണ്ടരരൂപയും ആയിരം ലിറ്ററിന് വിലവർദ്ധിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മുമ്പ് പി. എച്ച്. ഇ. ഡി. വെള്ളം വിതരണം ചെയ്തപ്പോൾ 20 പൈസയായിരുന്നു ആയിരം ലിറ്റർ വെള്ളത്തിന് നൽകിയിരുന്ന വില. വെള്ളത്തിനുള്ള ഇത്തരം ക്രമാതീതമായ വിലവർദ്ധനവിന് യാതൊരു ന്യായീകരണവുമില്ല. കണക്ഷൻ ചാർജ് 75 രൂപ മുതൽ 150 രൂപ വരെയായിരുന്നുവെങ്കിൽ അതിപ്പോൾ 500 രൂപയായി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചു. അതും മുപ്പതുമീറ്റർ നീളത്തിലേ കൊടുക്കുകയുള്ളു. അതു കഴിഞ്ഞ് വർദ്ധിപ്പിക്കുന്ന ഓരോ മീറ്ററിനും 10 രൂപവച്ച് കൂടുതൽ ചാർജ് വസൂലാക്കാൻ ശ്രമിക്കുകയാണ്. മുമ്പ്. പി. എച്ച്. ഇ. ഡി. വെള്ളം വിതരണം നടത്തിയിരുന്നപ്പോഴും ഫ്രീ അലവൻസ് അനുവദിച്ചിരുന്നു. ആ ഫ്രീ അലവൻസ് ഇപ്പോഴും നിറുത്തലാക്കുകയാണ്. വെള്ളം സൗജന്യമായി കൊടുക്കേണ്ടതിനുപകരം ഇപ്പോഴും കൊള്ളലാഭമാണ്. വെള്ളത്തിന് നിർദ്ദേശിച്ച വർദ്ധനവ് നിറുത്തലാക്കുകയും പിൻവലിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, എനിക്ക് നോട്ടീസ് നൽകിയിരുന്നത് കുടിവെള്ളം നൽകുന്നതിനും കണക്ഷൻ നൽകുന്നതിനുമുള്ളതാണ്. ഇപ്പോഴത്തെ വാട്ടർ ചാർജിന്റെ വർദ്ധനവിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ഏതായാലും സന്തോഷം. ഞാൻ ഇതേ ചോദ്യത്തിനുതന്നെ ഇന്നലെ ഉത്തരം പറഞ്ഞതാണ്. വാട്ടർ ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടില്ല. അതിനെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്. പഠിച്ചതിനുശേഷം എന്താണുവേണ്ടതെന്നുവച്ചാൽ അതു ചെയ്യാം.

(11) നാട്ടിക നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ നിർമ്മാണം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, പഴയ മലബാറിന്റെ ഭാഗമായ എന്റെ നിയോജകമണ്ഡലത്തിൽആകെ ഉണ്ടായിരുന്ന ഒരു പി. ഡബ്ല്യു. ഡി റോഡ് ദേശീയരാജപാതയായി, എൻ. എച്ച്.-17 ആയി പ്രഖ്യാപിച്ചു കഴിഞ്ഞ മൂന്നു കൊല്ലമായി എം.എൽ.എ. റോഡായി എഴുതിക്കൊടുത്ത കിഴക്കും പടിഞ്ഞാറും ടിപ്പുസുൽത്താൻ റോഡ് വീതി കിട്ടിയില്ലെന്ന കാരണം പറഞ്ഞുകൊണ്ടാണ് ഏറ്റെടുക്കാൻ പ്രയാസമെന്നു പറഞ്ഞത്. വീതിയുള്ള സ്ഥലം മാറ്റിയെഴുതിക്കൊടുത്തിട്ട് നാലഞ്ചു മാസമായിട്ടും ആ റോഡിനെ സംബന്ധിച്ച് ഒരു ഫൈനൽ ഡിസിഷൻ എടുത്തിട്ടില്ല. ആ നിയോജകമണ്ഡലത്തിനോട് അടിയന്തിരമായി ദയ കാണിച്ച് ആ റോഡുകളും പ്രത്യേകമായി ഏറ്റെടുക്കാൻവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ആ നിയോജകമണ്ഡലത്തിനോട് വളരെ അനുഭാവപൂർവ്വമായിട്ടാണ് 1983 മുതലേ പെരുമാറിയിട്ടുള്ളത്, അദ്ദേഹം പ്രൊപ്പോസ് ചെയ്ത രണ്ടു റോഡുകളും 1983-ലേതന്നെ ടേക്ക്ഓവർ ചെയ്യാൻ ഗവൺമെന്റ് അനുവാദം നൽകിക്കയ്പമംഗലം-ചേറ്റുവാ ഈസ്റ്റ് ടിപ്പുസുൽത്താൻ, ചാമക്കാല-ചേറ്റുവ വെസ്റ്റ് ടിപ്പുസുൽത്താൻ എന്നീ രണ്ടു റോഡുകളും ഏറ്റെടുക്കാൻ 1983-ൽതന്നെ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷേ നാട്ടുകാരും പഞ്ചായത്തും സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാകാത്തതാണ് കാരണം. 26 കിലോമീറ്റർ വരുന്ന കയ്പമംഗലം ചേറ്റുവാ ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിന് ഏഴ് കിലോമീറ്ററിനുതാഴെ സ്ഥലംമാത്രമാണ് പഞ്ചായത്തുകാരും നാട്ടുകാരും വിട്ടുകൊടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ആ റോഡ് മാറ്റി കയ്പമംഗലം-ഇടവട്ടം-ഇടത്തുരുത്തി എന്നു പേരുമാറ്റി റോഡ് ഏറ്റെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതുപ്രകാരം റോഡിന്റെ പേരുമാറ്റി, ഏറ്റെടുക്കാനുള്ള ഓർഡർ ഇഷ്യു ചെയ്തുകഴിഞ്ഞു. അതുപോലെതന്നെ 24 കിലോമീറ്ററോളം ദൂരംവരുന്ന റോഡിന് രണ്ടരകിലോമീറ്റർ സ്ഥലം മാത്രമേ പി.ഡബ്ല്യു ഡി. നോംസ് പ്രകാരം ലഭ്യമായി.

LIBRARY ARCHIVES Kerala Legislative Assembly